# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:160** **03.05.2017**-ൽ മറുപടിക്ക്

## കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീ.കെ. ബാബു** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രാരംഭഘട്ടത്തിൽ നിർണ്ണയിക്കപ്പെട്ടാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവ പ്രാരംഭഘട്ടത്തിൽതന്നെ പരിശോധിച്ച് കണ്ടെത്തുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളത്; | ബി) | ആർ.സി.സി. യുടെ നേതൃത്വത്തിൽ, കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം നടത്തി വരുന്ന ക്യാമ്പുകളിൽ ഗർഭാശയ കാൻസർ കണ്ടുപിടിക്കുന്നതിനുള്ള Visual Inspection using Lugols Iodine (VILI), 'Visual Inspection with Acetic Acid (VIA), പാപ്സ്മിയർ ടെസ്റ്റ്, സ്തനാർബുദം നേരത്തേ കണ്ടുപിടിക്കുന്നതിനായി സ്തന പരിശോധനയ്ക്ക് പുറമേ മാമോഗ്രാഫി, FNAC ടെസ്റ്റ്, വദനാർബുദം കണ്ടുപിടിക്കുന്നതിന് വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായ പരിശോധന എന്നിവയും നടത്തുന്നുണ്ട്. ഇതുകൂടാതെ ആർ.സി.സി യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പുകയില നിർമ്മാർജ്ജന ക്ലിനിക്കും നടത്തുന്നുണ്ട്. ആർസിസിയുടെ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും കൊല്ലം ജില്ലയിലെ നീണ്ടകരയിലും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ കണ്ണൂർ, കോലഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി നൽകി വരുന്നു. കാൻസർ കെയർ പദ്ധതിയുടെ കീഴിൽ ആർ.സി.സിയും, മലബാർ കാൻസർ സെന്ററും, സർക്കാർ ഡോക്ടർമാർക്കും, നേഴ്സുമാർക്കും കാൻസർ രോഗ നിർണ്ണയം നടത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ഇവ കൂടാതെ വിവിധ സംഘടനകളുമായി ചേർന്ന് മുൻകൂർ കാൻസർ രോഗനിർണ്ണയ ക്യാമ്പുകളും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ എന്നിവയെ കാൻസർ രോഗനിർണ്ണയ പരിപാടിയിൽ ഉൾപ്പെടുത്തി നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് വദനാർബുദം കണ്ടെത്തുന്നതിനായി ജില്ല ആശുപത്രികളിൽ Oral Cancer Detection Clinic-കൾ ദന്തരോഗ വിഭാഗവുമായി ചേർന്ന് നടത്തിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കാൻസർ ചികിത്സ ലഭ്യമായിട്ടുള്ള മെഡിക്കൽ കോളേജുകളിലും കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിലും പ്രാരംഭഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.<br><br>എല്ലാ ജില്ലകളിലെയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് ഡോക്ടർമാർക്കും, നേഴ്സുമാർക്കുമുള്ള പരിശീലന പരിപാടികൾ മലബാർ കാൻസർ സെന്ററിന്റെ കീഴിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതു കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും എം.സി.സി നടത്തിവരുന്നു. |
| സി) | ഇതു സംബന്ധിച്ച് എന്തെല്ലാം പ്രചരണ പരിപാടികളും ബോധവത്കരണ പരിപാടികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | സി) | ജീവിതശൈലി രോഗമായ കാൻസറിനെ കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും ആർ.സി.സി യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുഖേന നൽകി വരുന്നു. ഇതിലൂടെ മുൻകൂർ രോഗനിർണ്ണയത്തിന്റെ പ്രാധാന്യം ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും, ഫലപ്രദമായ ചികിത്സ നൽകുവാനും സാധിക്കും. മുൻകൂർ കാൻസർ രോഗനിർണ്ണയത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും (പ്രാഥമിക ആരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, റഫറൽ യൂണിറ്റ്, ജില്ലാ ആശുപത്രി), |

| | | | |
|---|---|---|---|
| | | | നേഴ്സ്മാർക്കും, ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ കാൻസർ രോഗ നിർണ്ണയത്തിനുള്ള പദ്ധതികളും, പരിശീലന പരിപാടികളും ആവിഷ്കരിക്കുന്നുണ്ട്. 2014 ജനുവരി മാസം സംസ്ഥാന ആരോഗ്യ വകുപ്പും എൻ.ആർ.എച്ച്.എം ഉം ചേർന്ന് സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള എൻ.ആർ.എച്ച്.എം ഡോക്ടർമാർക്കും, നേഴ്സ്മാർക്കും കാൻസർ പ്രായോഗിക പരിശീലനം ആർ.സി.സി നൽകിയിട്ടുണ്ട്.<br><br>കാൻസർ ആരംഭത്തിലെ കണ്ടുപിടിക്കുന്നതിനുള്ള പ്രചരണ പരിപാടികളുടെ ഭാഗമായി കാൻസറിനെതിരെയുള്ള ബോധവൽക്കരണ പരിപാടികളും സ്തനം, ഗർഭാശയം, വായ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന കാൻസർ ആരംഭത്തിൽ കണ്ടുപിടിക്കുന്നതിനായി വാർഡുകൾ തോറും കേന്ദ്രീകരിച്ച് കൊച്ചിൻ കാൻസർ സെന്റർ കാൻസർ പരിശോധന ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.<br><br>എല്ലാ സാമ്പത്തിക വർഷവും കാൻസർ ബോധവത്ക്കരണത്തിനായി നിരവധി പദ്ധതികൾ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, പോസ്റ്ററുകൾ, ലഘുലേഖനങ്ങൾ, എക്സിബിഷനുകൾ എന്നിവ എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പ് നടത്തിവരുന്നു. പുകയില, മദ്യം, തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും പ്രത്യേകിച്ച് ഇവയ്ക്ക് കാൻസറുമായിട്ടുള്ള ബന്ധത്തെക്കുറിച്ചും സ്കൂൾ, കോളേജ് തലത്തിൽ പ്രത്യേക ആരോഗ്യ ബോധവത്ക്കരണം നൽകിവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മുൻകൈയ്യെടുത്ത് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കാൻസർ അവയർനെസ് ക്ലാസ്സുകളും രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. കൂടാതെ താലൂക്കാശുപത്രികളുമായി സഹകരിച്ച് കാൻസർ ബോധവത്ക്കരണ ക്ലാസ്സുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും സി.എച്ച്.സി തലത്തിൽ നടത്തുന്നുണ്ട്. സർക്കാരിതര സ്ഥാപനങ്ങൾ വഴിയും അനുബന്ധ ഡിപ്പാർട്ട്മെന്റുകൾ വഴിയും ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കാൻസർ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2016 ഫെബ്രുവരി 4-ാം തീയതി ലോക അർബ്ബുദ ബോധ ദിനത്തിൽ കോട്ടയം ജില്ലയിൽ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലെ എല്ലാ ഗവ: ആയുർവേദ ഡിസ്പെൻസറികളുടെയും നേതൃത്വത്തിൽ കാൻസർ പ്രതിരോധ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി. ജില്ലയിൽ നടത്തിയ കാൻസർ പ്രതിരോധ നടപടികളെ അടിസ്ഥാനമാക്കി 'ജീവേമ ശരദ! ശതം' എന്ന പേരിൽ കാൻസർ രോഗത്തെക്കുറിച്ച് ബോധവൽക്കരണം നൽകുന്ന ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ AMAI എന്ന സംഘടനയുടേയും ഭാരതീയ ചികിത്സാ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആയുർക്യാൻ എന്ന പേരിൽ ആയുർവേദ ഡോക്ടർമാർക്ക് കാൻസർ ചികിത്സ രോഗനിർണ്ണയം സംബന്ധിച്ച് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു. പൊതുജനങ്ങളുടെ ഇടയിൽ ചികിത്സയെക്കുറിച്ചുള്ള ബോധവത്ക്കരണം, കാൻസർ ഡിറ്റക്ഷൻ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളും ആയുർ ക്യാനിന്റെ ഭാഗമായി നടന്നു വരുന്നു. |
| ഡി) | കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | ആർ.സി.സിയിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ പുതുതായി പണി പൂർത്തിയാക്കിയ 10 നില കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതോടുകൂടി സ്ഥല പരിമിതിയും പരിഹരിക്കപ്പെടുന്നതാണ്. ആർ.സി.സിയ്ക്ക് പുതുതായി അനുവദിച്ച കിട്ടിയ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br><br>മലബാർ കാൻസർ സെന്ററിൽ നിലവിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ താഴെ പറയുന്ന മറ്റെല്ലാ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്.<br><br>• ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം. |

| | | | |
|---|---|---|---|
| | | | • ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം.<br>• 4D സ്കാനർ, സി.ടി സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി. സ്കാൻ, 500 എം.എ എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.<br>• ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം.<br>• ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം.<br>• എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ<br>• രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോട്ടു കൂടിയ ബ്ലഡ് ബാങ്ക്.<br>• ആധുനിക സജ്ജീകരണങ്ങളോട്ടു കൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.<br>• ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.<br>• കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.<br>• മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലി മെഡിസിൻ സംവിധാനവും പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | • 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്.<br><br>സംസ്ഥാനത്ത് സർക്കാർ മേഖലയിൽ തിരുവനന്തപുരം ആർ.സി.സി, മലബാർ കാൻസർ സെന്റർ, കണ്ണൂർ എന്നിവയ്ക്കു പുറമേ പുതുതായി ആരംഭിച്ച കൊച്ചി കാൻസർ സെന്ററും മാത്രമാണ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളായി പ്രവർത്തിച്ചു വരുന്നത്. 5 സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും കാൻസർ ചികിത്സ ലഭ്യമാണ്. എന്നാൽ വർദ്ധിച്ചു വരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സേവനം നൽകുന്നതിനുള്ള സൗകര്യം ഈ സെന്ററുകളിൽ പരിമിതമായതിനാൽ മറ്റ് ജില്ലകളിൽ നിന്നും വരുന്ന കാൻസർ രോഗികൾക്ക് ആർ.സി.സി യെ ആശ്രയിക്കേണ്ടി വരുന്ന ഒരു സ്ഥിതി വിശേഷം നിലവിലുണ്ട്. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. എല്ലാ ജില്ലയിലും ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയത്തോടെ ആരംഭിച്ച ഈ പദ്ധതിയിൽ കാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററിൽ പരിശീലനം നൽകി ഈ സെന്ററുകളുടെ സേവനം കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**